പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *212

19.6.2013 ലെ മറുപടിയ്ക്ക്

## സീപ്ലെയിൻ സർവ്വീസ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. കെ. ദാസൻ | **ശ്രീ. എ.പി.അനിൽ കുമാർ**<br>**ബഹു. പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി** |
| എ) സീപ്ലെയിൻ സർവ്വീസ് നടത്താൻ ഏല്പിച്ചിരിക്കുന്ന കമ്പനിയുടെ പശ്ചാത്തലം പരിശോധിച്ചിട്ടാണോ അനുമതി നൽകിയത് ; പ്രസ്തുത പദ്ധതിയിൽ സർക്കാരിന് എന്തെങ്കിലും പങ്കാളിത്തമോ നിയന്ത്രണമോ ഉണ്ടോ ; | എ) സീപ്ലെയിൻ സർവ്വീസുകൾ നടത്തുവാൻ ഓപ്പൺ സ്കൈ പോളിസിയുടെ അടിസ്ഥാനത്തിൽ താല്പര്യമുള്ള ഏജൻസികളെ ക്ഷണിച്ചുകൊണ്ടുള്ള ഇ.ഒ.ഐ.യുടെ അടിസ്ഥാനത്തിൽ ഇതു വരെ അഞ്ച് ഏജൻസികൾ ഓപ്പറേഷനു വേണ്ടി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഡി.ജി.സി.എ. ബി.സി.എ.എസ്. മാനദണ്ഡങ്ങൾ ഉൾപ്പെടെയുള്ള അനുമതികൾ ലഭ്യമാക്കുന്ന ഏത് ഏജൻസിയ്ക്കും സർവ്വീസ് നടത്താവുന്നതാണ്. നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് ആഭ്യന്തര മന്ത്രാലയം ഉൾപ്പെടെയുള്ളവയുടെ വിലയിരുത്തലുകൾ ഉൾക്കൊണ്ടതാണ് ഡി.ജി.സി.എ. യുടെ അനുമതി. മാത്രമല്ല, കേന്ദ്ര ഏജൻസികളുടെ അനുമതിയുള്ള എല്ലാവർക്കും സർവ്വീസ് നടത്താമെന്ന ഓപ്പൺ സ്കൈ പോളിസിയുടെ വിപരീതമായിരിക്കും സംസ്ഥാനതലത്തിലുള്ള മേല്പറഞ്ഞ രീതിയിലുള്ള പരിശോധനകളും അനുമതികളും. ഇപ്പോൾ സർവ്വീസ് ഉദ്ഘാടനം ചെയ്യപ്പെട്ട പിനക്കിൾ എയർ പ്രൈവറ്റ് ലിമിറ്റഡിന്റെ ജോയിന്റ് വെഞ്ചർ കമ്പനിയായ കൈരളി ഏവിയേഷൻസിന് സീപ്ലെയിൻ സർവ്വീസ് നടത്തുന്നതിനാവശ്യമായ അനുമതികൾ കേന്ദ്ര സർക്കാർ ഏജൻസികളായ ഡി.ജി.സി.എ., ബി.സി.എ.എസ്., സിവിൽ ഏവിയേഷൻ മുതലായവയിൽ നിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് സർവ്വീസ് ആരംഭിച്ചത്. കേന്ദ്രാനുമതി ലഭിക്കുന്ന മറ്റ് കമ്പനികൾക്കും സർക്കാർ പ്രഖ്യാപിച്ച ഓപ്പൺ സ്കൈ പോളിസി പ്രകാരം സർവ്വീസ് നടത്താവുന്നതാണ്. പദ്ധതി നടപ്പിലാക്കുവാൻ വേണ്ട വാട്ടർ ഡ്രോമുകൾ മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന ചുമതല മാത്രമാണ് കേരള സർക്കാർ നിർവ്വഹിക്കുന്നത്. |

ബി) ജലവിമാനങ്ങളുടെ സുരക്ഷയിൽ ആശങ്കയുള്ളതുകൊണ്ട് മുഖ്യമന്ത്രിയുടെ യാത്ര ഒഴിവാക്കി എന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; നിജസ്ഥിതി അറിയിക്കുമോ;

ബി) ഇല്ല

സി) സുരക്ഷിതത്വം ഉറപ്പാക്കാതെ സർവ്വീസുകൾ നടത്താൻ അനുവദിക്കുന്നത് ടൂറിസം മേഖലയ്ക്ക് തിരിച്ചടിയായേക്കാം എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

സി) വിമാനങ്ങൾക്ക് ആവശ്യമായ സുരക്ഷാ മാനദണ്ഡങ്ങൾ, ലൈസൻസ് മുതലായവ കേന്ദ്ര സർക്കാരിന്റെ അധീനതയിൽ വരുന്ന വിഷയങ്ങളാണ്. ഇത്തരത്തിൽ അനുമതി ലഭിച്ച സീപ്ലെയിനുകൾക്ക് മാത്രമേ കേന്ദ്ര സർക്കാർ പ്രവർത്തന അനുമതി നൽകാറുള്ളൂ.

ഡി) ഇത്തരം വിമാനങ്ങളുപയോഗിച്ച് സർവ്വീസ് നടത്തുന്ന മേഖലയിൽ പഠനം നടത്തിയശേഷമാണോ പ്രസ്തുത തീരുമാനം എടുത്തതെന്ന് അറിയിക്കാമോ?

ഡി) വ്യോമയാന മേഖലയിൽ പ്രവർത്തിക്കുന്ന കേന്ദ്ര സർക്കാർ സ്ഥാപനമായ പവൻഹാൻസ് ഹെലികോപ്റ്റേഴ്സ് ലിമിറ്റഡിന്റെ സാധ്യതാ പഠനം, ഡി.പി.ആർ. തുടങ്ങിയവയുടെ അടിസ്ഥാനത്തിലാണ് സീപ്ലെയിൻ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയത്.

സെക്ഷൻ ഓഫീസർ